**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1567** **15-03-2022 - ൽ മറുപടിയ്ക്ക്**

**ജൈവകൃഷിക്ക് പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ജൈവകൃഷി പ്രോത്സാഹിപ്പിക്കാനും വിഷം കലർന്ന പച്ചക്കറികളുടെ ഉപയോഗം നിയന്ത്രിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | വിഷരഹിതമായ പച്ചക്കറി ഉല്പാദനം ലക്ഷ്യമിട്ട് കൊണ്ട് സംസ്ഥാന സർക്കാർ പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുന്ന സുഭിക്ഷം സുരക്ഷിതം – ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിലെ കർഷകർക്ക് അധിക ധനസഹായമായി ഒരു ഹെക്ടറിന് 10000 രൂപ നിരക്കിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 1000 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിലവിൽ 100 ഹെക്ടർ സ്ഥലത്ത് പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയും 84000 ഹെക്ടർ സ്ഥലത്ത് സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) പദ്ധതിയും നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികളിൽ പൂർണ്ണമായും രാസകീടനാശിനികളുടെ ഉപയോഗം ഒഴിവാക്കി ജൈവകീടനാശിനികൾ ഉപയോഗിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നു. പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ ക്ലസ്റ്ററിൽ അംഗമാകുന്ന കർഷകർക്ക് ജൈവ ഉല്പാദനോപാധികൾ നിർമ്മിക്കുന്നതിന് ധനസഹായവും നൽകുന്നു. കൂടാതെ സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) പദ്ധതിയിൻ കീഴിൽ ഫാർമർ ഇൻടസ്റ്റ് ഗ്രൂപ്പുകൾ (FIG) വഴി ജൈവ ഉല്പാദനോപാധികൾ ഉലാപാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നതിന് FIG 1 പ്രവർത്തിക്കുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വില്പന നടത്തുന്നതിനായി FIG 2 പ്രവർത്തിക്കുന്നു. പ്രസ്തുത പദ്ധതിയിൽ കൃഷി സംബന്ധമായ പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതാത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് കൈമാറ്റം |

ചെയ്യുന്നതിനും, പദ്ധതിയിലെ മാനദണ്ഡങ്ങൾ പാലിച്ച് മാതൃക കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകി വരുന്നു. 2021-22 ൽ ജൈവപച്ചക്കറി കൃഷി / ഉത്തമ കൃഷി മുറ പ്രോത്സാഹനവും സർട്ടിഫിക്കേഷനും എന്ന പദ്ധതി പ്രകാരം വി.എഫ്.പി.സി.കെ. മുഖാന്തിരം ചുവടെ പറയുന്ന സഹായങ്ങളും ലഭ്യമാക്കുന്നു. - മണ്ണിന്റെ ആരോഗ്യം ഉറപ്പാക്കി പഴം-പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് കർഷകർക്ക് മണ്ണ് പരിശോധന നടത്തി വള പ്രയോഗ നിർദ്ദേശികകൾ അടങ്ങിയ സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാക്കുന്നതിന് പദ്ധതി. - മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനാവശ്യമായ പച്ചിലവള ചെടികൾ, ജീവാണുവളം, ഫോസ്റ്റേറ്റ് ജൈവവളം (PROM) എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനു പദ്ധതി സഹായം. - സംയോജിത കീട നിയന്ത്രണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബയോകൺട്രോൾ ഏജന്റുകൾ, ഫിറമോൺ കെണികൾ എന്നിവ ഉൽപാദിപ്പിച്ച്, ഇവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം. - 7 മാതൃകാ ജൈവ കൃഷി പ്രദർശനത്തോട്ടങ്ങൾ സജ്ജമാക്കുന്നതിന് പദ്ധതി സഹായം - പരമ്പരാഗത/നാടൻ പച്ചക്കറി വിത്തിനങ്ങളുടെ ഉൽപാദനത്തിനും വിതരണത്തിനും പദ്ധതി സഹായം - ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൗൺസിലിന്റെ എക്കോഷോപ്പ് ഔട്ട് ലെറ്റുകൾ മുഖേന വിപണനം ചെയ്യുന്ന ജൈവ ഉൽപ്പന്നങ്ങൾക്ക് 2.5 രൂപ/കിലോ എന്ന നിരക്കിൽ 500 മെടിക് ടൺ ഉൽപ്പന്നങ്ങൾക്ക് വിപണന സഹായം. ജൈവ കൃഷി പ്രോത്സാഹനത്തിന് ആവശ്യാനുസരണം ഉൽപാദനോപാധികൾ ലഭ്യമാക്കുന്നതിന് വി.എഫ്.പി.സി.കെ ആസ്ഥാനത്ത് ഒരു ജൈവ വള - ജൈവ കീടനാശിനി ഉല്പാദന യുണിറ്റ് പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് കൃഷി ചെയ്യുന്ന പച്ചക്കറികളിലും ഇതര സംസ്ഥാനത്ത് നിന്നും വരുന്നവയിലും ഉള്ള വിഷാംശം ശാസ്ത്രീയമായി പരിശോധിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ തിരുവനന്തപുരം, തൃശ്ശൂർ, കോട്ടയം, കാസർഗോഡ് എന്നിവിടങ്ങളിൽ പരിശോധന ശാലകൾ പ്രവർത്തിക്കുന്നുണ്ട്. കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മറ്റ് വിപണികൾ എന്നിവിടങ്ങളിൽ എത്തുന്ന പച്ചക്കറികളിലെ കീടനാശിനി അവശിഷ്ട വിഷാംശം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ

| | | | |
|---|---|---|---|
| | | | പരിശോധിച്ച് പരിശോധന ഫലം കേരള സർക്കാരിൻെറ ഔദ്യോഗിക വെബ് പോർട്ടലിൽ (www.kerala.gov.in) പ്രസിദ്ധീകരിക്കുന്നു. അതുവഴി ഉപഭോക്താക്കൾക്ക് ഗുണമേന്മ ഉറപ്പുവരുത്താനും കൂടുതൽ സ്വീകാര്യത കൈവരിക്കാനും സാധിക്കും. |

സെക്ഷൻ ഓഫീസർ